പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

12/06/2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2590

**തൃക്കണ്ണാട് ശ്രീത്ര്യംബകേശ്വര ക്ഷേത്രജീവനക്കാർ**

ചോദ്യം

ശ്രീ.കെ.കുഞ്ഞിരാമൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം ഏത് വർഷത്തിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | 01/03/2009 മുതൽ പ്രാബല്യത്തിലാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്. |
| (ബി) | ഏതെല്ലാം ക്ഷേത്രങ്ങളിലെ ജീവനക്കാർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറഞ്ഞതും കൂടിയതുമായ എല്ലാ വിഭാഗത്തിൽപ്പെട്ട ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ബാധകമാകത്തക്ക വിധമാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) | കാസർഗോഡ് ജില്ലയിലെ തൃക്കണ്ണാട് ശ്രീത്ര്യംബകേശ്വര ക്ഷേത്ര ജീവനക്കാർക്കും ആയത് അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | നൽകിയിട്ടുണ്ട്. |
| (ഡി) | ശമ്പളം പരിഷ്കരണം നൽകുന്നതിനുള്ള മാനദണ്ഡം എപ്രകാരമാണെന്ന് വിശദമാക്കാമോ? | (ഡി) | ക്ഷേത്ര വരുമാനം മാനദണ്ഡമാക്കി ക്ഷേത്രങ്ങളെ സ്പെഷ്യൽ എ, ബി, സി, ഡി എന്നിങ്ങനെ 5 ഗ്രേഡുകളാക്കി തിരിച്ച് ഓരോ ഗ്രേഡിലുള്ള ജീവനക്കാർക്ക് പ്രത്യേകം പ്രത്യേകം ശമ്പളസ്കെയിലുകൾ അനുവദിച്ചാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്.<br>സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളിൽ തന്നെ വളരെ ഉയർന്ന വരുമാനമുള്ള ക്ഷേത്രങ്ങളിൽ ആകെ ശമ്പള ചെലവ് ക്ഷേത്രത്തിന്റെ വാർഷിക വരുമാനത്തിന്റെ 30 % അധികരിക്കാത്ത ക്ഷേത്രങ്ങളാണെങ്കിൽ നിബന്ധനകൾക്ക് വിധേയമായി ബഹു. ഹൈക്കോടതി ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെ ശമ്പളസ്കെയിലിൽ അനുവദിച്ച ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ